(സി) കൂടുതൽ വരുമാനം ലഭിക്കുവാനും, പരമാവധി വെഹിക്കിൾ യൂട്ടിലിറ്റി ലഭിക്കുന്നതിനും പുതിയ ബസുകൾ ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ആകയാൽ സിറ്റി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് പുതിയ ബസുകൾ അനുവദിക്കുവാൻ കഴിയുകയില്ല.

**72 (360) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാധ്യത**

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 സെപ്തംബർ 1-ാം തീയതിയിലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി. വിവിധ ഓയിൽ കമ്പനികൾ, ചേസിസ് സപ്ലൈ ചെയ്യുന്ന കമ്പനികൾ, സ്പെയർ പാർട്ടുകൾ സപ്ലൈ ചെയ്യുന്നവർ, ടയർ സപ്ലൈ ചെയ്യുന്നവർ എന്നിവർക്ക് എന്തു തുക വീതം കൊടുക്കാനുണ്ട്;

(ബി) പ്രസ്തുത തീയതികളിൽ ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട്, അഡ്വാൻസ്, പ്രോവിഡന്റ് ഫണ്ട് തുകയുടെ ഫൈനൽ പേയ്മെന്റ്, ചികിത്സാ ചെലവ്, റീ-ഇംപേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ എന്തു തുക കൊടുക്കാനുണ്ട്;

(സി) ഇപ്പോൾ ഈ ഓരോയിനത്തിലും എന്തു തുക വീതം കൊടുക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999 സെപ്തംബർ 1-ാം തീയതിയിലെ കണക്കു പ്രകാരം ഓയിൽ കമ്പനികൾക്ക് 10,15,76,372 രൂപയും ചേസിസ് വാങ്ങിയ വകയിൽ 1,80,23,902 രൂപയും സ്പെയർ പാർട്ടുകൾ വാങ്ങിയ വകയിൽ 1,20,29,224 രൂപയും ടയർ വാങ്ങിയ ഇനത്തിൽ 7,16,771 രൂപയും കൊടുത്തു തീർക്കുവാനായുണ്ട്.

(ബി) പ്രോവിഡന്റ് ഫണ്ടിൽനിന്നും വിവിധ ഇനങ്ങളിലായി 10 കോടി 75 ലക്ഷം രൂപ കൊടുത്തു തീർക്കുവാനുണ്ട്. റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ നൽകുവാനുള്ള തുകയുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പി.എഫ്. അഡ്വാൻസ് തുക - 3.75 കോടി

പി.എഫ് ക്ലോഷൻ തുക - 2.00 കോടി

റീ-ഇംപേഴ്സമെന്റ്, ചികിത്സാ ചെലവ്, എന്നീയിനങ്ങളിൽ ജീവനക്കാർക്ക് കൊടുത്തുതീർക്കുവാനുള്ള തുകയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

**73 (361) ഡീസൽ ക്ഷാമത്തിന്റെ പേരിൽ കെ.എസ്.ആർ. ടി.സി. റദ്ദു ചെയ്ത സർവ്വീസുകൾ**

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly